# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1432** **04.12.2014-ൽ മറുപടിക്ക്**

## കൊയിലാണ്ടി മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയുള്ള ഉള്ളൂർകടവ് പാലത്തിന്റെ പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് എന്നത് വിശദമാക്കാമോ; | (എ) പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി 21.07.2014-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കാര്യത്തിൽ എന്ന് നടപടികൾ ആവും എന്ന് വിശദമാക്കാമോ ; | (ബി) അലൈൻമെന്റ് 08.08.2014-ന് അംഗീകരിച്ചിട്ടുണ്ട്. |
| (സി) കൊയിലാണ്ടി - പേരാമ്പ്ര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മറ്റൊരു പ്രധാന പദ്ധതിയായ അകലാപുഴ പാലം നിർമ്മിക്കുന്നതിലേയ്ക്ക് സർക്കാർ ഫണ്ട് ലഭ്യമാവുന്നതിന് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നത് വിശദമാക്കാമോ; | (സി) അകലാപ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ഡി) തോരായികടവ് പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷന് തുക അനുവദിക്കുന്നതിന് തിരുവനന്തപുരത്ത് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് എത്ര തുക വകയിരുത്തിയെന്ന് വിശദമാക്കാമോ? | (ഡി) 7,80,000 രൂപ ഇൻവെസ്റ്റിഗേഷന് വേണ്ടി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ